**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2723** **13-02-2024 - ൽ മറുപടിയ്ക്ക്**

**സംരംഭകത്വം പ്രോത്സാഹന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ; | (എ) | കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉത്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സർക്കാർ പദ്ധതികൾ വഴി സാമ്പത്തിക സഹായങ്ങൾ നല്കുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നലകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സാകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നല്കുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റി കൊണ്ടിരിക്കുന്നു.<br><br>കേരളത്തിലെ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ് 2018 നടപ്പിലാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്.<br><br>2019 -ലെ കേരള സുക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന്, പുതിയതായി ആരംഭിക്കുന്നതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്തതുമായ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ മൂന്ന് |

വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ഇങ്ങനെ ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി ഉണ്ട്. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം ബന്ധപ്പെട്ട അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ, അപ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് കെട്ടിടത്തിനു നൽകപ്പെട്ട താൽക്കാലിക നമ്പരായി കരുതപ്പെടുന്നതാണ്. ഇപ്രകാരമുള്ള നടപടികൾ/ സംവിധാനങ്ങൾ സംസ്ഥാനത്ത് ഒരു വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഏറെ സഹായകരമായിട്ടുണ്ട്.

സംരഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനും ഉള്ള നടപടികൾ ത്വരിത ഗതിയിൽ സ്വീകരിച്ചു വരുന്നു.

കൂടാതെ സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകികരിക്കുന്നതിനായി K-CIS എന്ന കേന്ദ്രീകൃത പരിശോധനാ സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചു വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും

എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും (14) റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു. ഇത് കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ച് പ്രവർത്തനം നടത്തി വരുന്നു.

വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി നിലവിൽ വന്നിട്ടുള്ള സ്റ്റാറ്റ്യൂട്ടറി സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System).

കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തം ആക്കുന്നതിന് അവയെ സഹായിക്കുന്നതിനുമായി 'കേരള ബ്രാൻഡ്' സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉല്പ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)-യുടെ നെറ്റ് വർക്കിൽ സംരംഭങ്ങളെ ഓൺബോർഡ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 5 വർഷത്തേയ്ക്ക് 6% പലിശ സബ്സിഡി നൽകിക്കൊണ്ട് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ ഒരു കുടുംബം ഒരു സംരംഭം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം "സംരംഭക വർഷം" ആയി സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഒരു വർഷത്തിൽ

| | | | |
|---|---|---|---|
| | | | കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2022-23 സാമ്പത്തിക വർഷം 139,840 പുതിയ സംരംഭങ്ങളും അതിലൂടെ 3 ലക്ഷത്തിലധികം തൊഴിലവസരങ്ങളും സൃഷ്ടിച്ചുകൊണ്ട് സംരംഭകവർഷം പദ്ധതി ചരിത്ര വിജയം കൈവരിച്ചു.<br><br>സംരംഭകവർഷത്തിന്റെ ഭാഗമായി നടത്തിയിരുന്ന പദ്ധതികളെല്ലാം 2023-24 സാമ്പത്തിക വർഷവും സംരംഭക വർഷം 2.0 എന്ന പേരിൽ തുടരുന്നു. ഇതിന്റെ ഭാഗമായി കഴിഞ്ഞ വർഷത്തെ പോലെ ഈ വർഷവും പുതിയ സംരംഭങ്ങൾ തുടങ്ങുന്നവരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.<br><br>പുതുതായി രൂപീകരിച്ച സംരംഭങ്ങളുടെ വിജയവും സുസ്ഥിരതയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി, 2023-24 സാമ്പത്തിക വർഷത്തിൽ MSME സുസ്ഥിരത പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാനത്ത് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതികളാണ് സംരംഭക സഹായ പദ്ധതി, നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാൻറ്, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾ ക്കുള്ള സഹായ പദ്ധതി, നിലവിലുള്ള എം.എസ്.ഇ-കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തി ക്കൊണ്ട് വരുന്നതിനുസഹായം നൽകുന്ന പദ്ധതി, തകർച്ച നേരിടുന്നതും പ്രവർത്തന രഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കു ന്നതിനുള്ള പദ്ധതി എന്നിവ. |
| (ബി) | ടി പ്രവർത്തനങ്ങളുടെ ഫലമായി സർക്കാർ പുതിയ സംരംഭങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹന പദ്ധതികൾ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി<br><br>01.04.2022 മുതൽ 07.02.2024 വരെ സംസ്ഥാനത്ത് ആകെ 2,25,858 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | സംരംഭങ്ങൾക്ക് വളരാനും അഭിവൃദ്ധി പ്രാപിക്കാനും കഴിയുന്ന ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ? | (സി) | സംരംഭങ്ങൾക്ക് വളരാനും അഭിവൃദ്ധി പ്രാപിക്കാനും കഴിയുന്ന ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനായി വ്യവസായ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |

1) സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എം.എസ്.എം.ഇ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു.

2) പുതുതായി രൂപീകരിച്ച സംരംഭങ്ങളുടെ വിജയവും സുസ്ഥിരതയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി, 2023-24 സാമ്പത്തിക വർഷത്തിൽ ഇനിപ്പറയുന്ന ലക്ഷ്യങ്ങളോടെ MSME സുസ്ഥിരത പദ്ധതി നടപ്പിലാക്കുന്നു.:

I. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച സംരംഭങ്ങളുടെ സുസ്ഥിരത.

II. സംസ്ഥാനത്തെ പുതിയ MSME-കളിൽ കുറഞ്ഞത് 70% എങ്കിലും വിജയകരമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.

III. സംസ്ഥാനത്തെ പുതിയ MSME-കളുടെ വിറ്റുവരവിൽ 5% വളർച്ചാ നിരക്ക് ഉണ്ടാക്കുക.

3) കേരളത്തിലെ MSME-കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME-കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷംകോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ സ്കെയിൽ അപ്പ് മിഷൻപദ്ധതിയായ 'മിഷൻ 1000' നടപ്പിലാക്കുന്നു. വസ്തുനിഷ്ഠവും സുതാര്യവുമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെ യാണ് എം.എസ്.എം.ഇ-കളെ ഈ സ്കെയിൽ അപ്പ് സ്കീമിനായി തിരഞ്ഞെടുക്കുന്നത്.

ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതാണ്:

- . മൂലധന നിക്ഷേപ സബ്സിഡി 40% വരെ (പരമാവധി 2 കോടിരൂപ)
- .പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ നിരക്കിന്റെ 50% വരെ പലിശ ഇളവ് (50 ലക്ഷംരൂപ വരെ)
- . സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം (ഒരു സംരംഭത്തിന് ഒരുലക്ഷം രൂപ വരെ)
- . തിരഞ്ഞെടുത്ത ഓരോ സംരംഭത്തിനും വിവിധ സ്കെയിലിംഗ്-അപ്പ് അനുബന്ധപ്രവർത്തനങ്ങളിൽ അവരെ സഹായിക്കാൻ

| | | | |
|---|---|---|---|
| | | | വ്യവസായവകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥനെ നിയമിക്കും.<br><br>4) കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് അവയെ സഹായിക്കുന്നതിനുമായി 'കേരള ബ്രാൻഡ്' പദ്ധതി നടപ്പിലാക്കുന്നു.<br><br>5) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും ചെറുകിട വ്യാപാരികൾക്കും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് പ്രവേശനം നേടുന്നതിന് ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സുമായി (ONDC) MoU ഒപ്പ് വച്ചു. ONDC നെറ്റ്‌വർക്കിലേക്ക് പ്രൊഡക്ടുകൾ ഓൺബോർഡ് ചെയ്യുന്നതിനുള്ള മാർഗനിർദേശവും പിന്തുണയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകി വരുന്നു.<br><br>6) സംസ്ഥാനത്തെ വ്യവസായങ്ങൾ സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. MSME-കൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടികാണാൻ കഴിയാത്ത അപകടസാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. MSME നൽകുന്ന വാർഷിക ഇൻഷുറൻസ് പ്രീമിയത്തിന്റെ 50 ശതമാനം വരെ (പരമാവധി 2500 രൂപ) റീഇംബേഴ്സ്മെന്റ് ആയി നൽകുന്ന ഈ പദ്ധതി, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന ആണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ